രണ്ട് രൂപയ്ക്ക് അരി പദ്ധതിയുടെ ഗുണഭോക്താക്കൾ

65 (5743) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ട് രൂപയ്ക്ക് അരി പദ്ധതിയുടെ ഗുണഭോക്താക്കളായി അസംഘടിത മേഖലയിലെ തൊഴിലാളികളുടെ പട്ടിക തയ്യാറാക്കിയതിൽ ക്രമക്കേടും പക്ഷപാതവും നടന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയതിന്റെ മാനദണ്ഡം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(സി) അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് ഇക്കാര്യത്തിനായി പരസ്യം നൽകിയിരുന്നുവോ ; എങ്കിൽ എവിടെയൊക്കെയാണ് പരസ്യം നൽകിയത് ; വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇക്കാര്യം സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബന്ധപ്പെട്ട ക്ഷേമനിധി ബോർഡിൽ നിന്നോ വകുപ്പിൽ നിന്നോ ലഭിച്ച ലിസ്റ്റ് പ്രകാരമാണ് രണ്ടു രൂപ നിരക്കിൽ അരി നൽകുന്ന പദ്ധതിയിലെ ഗുണഭോക്താക്കളെ നിശ്ചയിച്ചത്. സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരെയും പെൻഷൻകാരെയും ഒരേക്കറിൽ കൂടുതൽ ഭൂമി സ്വന്തമായുള്ളവരെയും പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഒരേക്കറിൽ കൂടുതൽ ഭൂമി സ്വന്തമായില്ല എന്നതിന് സ്വയം തയ്യാറാക്കിയ സത്യവാങ്മൂലവും ബന്ധപ്പെട്ട വിഭാഗത്തിൽപ്പെട്ട തൊഴിലാളിയാണ് എന്നതു തെളിയിക്കുന്ന രേഖയും ഹാജരാക്കേണ്ടതുണ്ട്.

(സി) 2 രൂപ അരി പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ബന്ധപ്പെട്ട തൊഴിലാളിക്ഷേമനിധി ബോർഡുകളോട് ആവശ്യപ്പെടുകയും, അതത് ക്ഷേമനിധി ബോർഡുകൾ ഇക്കാര്യത്തിൽ പത്രപരസ്യം നൽകണമെന്ന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. കൂടാതെ അപേക്ഷകൾ റേഷൻകടകളിലൂടെ സ്വീകരിക്കുന്നതാണ് എന്ന് സിവിൽ സപ്ലൈസ് വകുപ്പ് പ്രമുഖ പത്രങ്ങളിലൂടെ പത്രക്കുറിപ്പും നൽകിയിരുന്നു.

(ഡി) ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ അദാലത്തുകൾ നടത്തി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly